**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2890** **28-02-2023 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പിന് കീഴിലെ ക്യാഷ് കൗണ്ടറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന് കീഴിൽ നിലവിൽ എത്ര ക്യാഷ് കൗണ്ടറുകൾ പ്രവർത്തിച്ച് വരുന്നുണ്ട്; അവ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ 151 ക്യാഷ് കൗണ്ടറുകളാണുള്ളത്. കേരള സർക്കാരിന്റെ എല്ലാ സേവനങ്ങളും സമ്പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിലും ഓൺലൈൻ പേയ്മെന്റ് സംവിധാനം<br>ഏർപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് ആകെ കളക്ഷന്റെ 57% വും ഓൺലൈൻ പേയ്മെൻറ് മുഖേനയാണ് ലഭിക്കുന്നത്.<br>ഓൺലൈൻ ആയി പേയ്മെന്റ് ചെയ്യുന്ന ഉപഭോക്താവിന് ബില്ല് തുകയുടെ ഒരു ശതമാനം (പരമാവധി നൂറു രൂപ വരെ) ഇൻസെന്റീവും നൽകി വരുന്നുണ്ട്. ഓൺലൈൻ പേയ്മെന്റ് പ്രോത്സാഹിപ്പിച്ച് കൊണ്ട് ഘട്ടം ഘട്ടമായി ക്യാഷ് കൗണ്ടറുകൾ കുറച്ച് കൊണ്ട് വരുവാനാണ് ഉദ്ദേശിക്കുന്നത്.<br>ആയതിനാലാണ് ഒരു ക്യാമ്പസ്സിൽ ഒന്നിലധികം കൗണ്ടറുകൾ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഒരു കൗണ്ടർ<br>നിർത്തലാക്കുവാൻ തീരുമാനിച്ചത്. അതനുസരിച്ച് പാളയം സെക്ഷന് കീഴിലെ ഒരു കൗണ്ടറും,കൊല്ലം സെക്ഷന് കീഴിലും<br>പാലക്കാട് സെക്ഷന് കീഴിലും ഓരോ കൗണ്ടറുകൾ വീതം ആകെ മൂന്ന് കൗണ്ടറുകളാണ് നിർത്തലാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത കൗണ്ടറുകൾ നിർത്തലാക്കിയാൽ അക്ഷയ കേന്ദ്രങ്ങൾ വഴി വാട്ടർ ചാർജ് അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് അക്ഷയ കേന്ദ്രത്തിൽ ഫീസ് നൽകേണ്ട സാഹചര്യം ഉണ്ടാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഒരു ക്യാമ്പസ്സിൽ ഒന്നിൽ കൂടുതൽ ക്യാഷ് കൗണ്ടറുകൾ നിലവിലുള്ള സ്ഥലങ്ങളിൽ മാത്രമേ രണ്ടാമത്തെ കൗണ്ടർ നിർത്തലാക്കിയിട്ടുള്ളൂ. അക്ഷയകേന്ദ്രങ്ങൾ കൂടാതെ NEFT/RTGS, BBPS,QUICK PAY ആപ്ലിക്കേഷൻ, ജന സേവന കേന്ദ്രങ്ങൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് അതോറിറ്റിയുടെ ഓഫീസുകളിൽ വരാതെ തന്നെ വാട്ടർ ചാർജ് അടക്കാവുന്നതാണ്. എല്ലാ ഉപഭോക്താക്കൾക്കും ഒരു VAN |

| | | | |
|---|---|---|---|
| | | | ഐഡി അനുവദിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രത്തിൽ പോകാതെ തന്നെ ബാങ്ക് വഴി വാൻ ഐഡി ഉപയോഗിച്ച് SBI മുഖേന സൗജന്യമായി തന്നെ വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. ആയതിനാൽ അക്ഷയ കേന്ദ്രത്തെ മാത്രം ആശ്രയിക്കേണ്ട സാഹചര്യം ഇല്ല. 01.01.2023 മുതൽ ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള കണക്ഷനുകളിലെ വാട്ടർ ചാർജ്ജ് ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നും 500/- രൂപ വരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമേ ഓൺലൈൻ സൗകര്യത്തിനു പുറമേ ക്യാഷ് കൗണ്ടറുകൾ വഴി വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുകയുള്ളൂ എന്നും തീരുമാനിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുകയും തൽസ്ഥിതി തുടരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ നിർത്തലാക്കാൻ ഉദ്ദേശിക്കുന്ന ക്യാഷ് കൗണ്ടറുകൾ നിലനിർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | കേരള സർക്കാരിന്റെ എല്ലാ സേവനങ്ങളും സമ്പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിലും ഓൺലൈൻ പേയ്മെന്റ് സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഒരു ക്യാമ്പസ്സിൽ ഒന്നിലധികം കൗണ്ടറുകൾ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഒരു കൗണ്ടർ നിർത്തലാക്കുവാൻ തീരുമാനിച്ചത്. ജല അതോറിട്ടിയുടെ ഉപഭോക്താക്കൾക്ക് ക്യാഷ് കൗണ്ടറുകളിൽ വരാതെ തന്നെ വാട്ടർ ചാർജ് ഓൺലൈൻ ആയും മറ്റു ഡിജിറ്റൽ രീതികളിലും അടക്കുവാൻ സംവിധാനം നിലവിൽ ഉള്ളതുകൊണ്ട് നിർത്തലാക്കിയ കൗണ്ടറുകൾ പുനഃസ്ഥാപിക്കേണ്ടതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ